മുഖ്യപങ്കുവഹിക്കുന്നത്. അതിനാൽ രാഷ്ട്രീയധാരണയില്ലാത്ത നേതൃത്വമെന്നാരോപണത്തിൽ കഴമ്പില്ല. ജാതി, ഭാഷ, ലിംഗസമത്വം, പരിസ്ഥിതി, വികസനം, അധികാര-ഉദ്പാന വികേന്ദ്രീകരണം, കൃഷി, വിദേശനയം, വിദ്യാഭ്യാസം തുടങ്ങിയ വിഷയങ്ങളിലെ സോഷ്യലിസ്റ്റുകളുടെ കടുത്ത അഭിപ്രായങ്ങളെ ആം ആദ്മിയുടെ പ്രധാന നിയോജകമണ്ഡലമായ മധ്യവർഗ്ഗത്തിന് സ്വീകാര്യമാക്കാൻ കഴിയുമോ എന്നതാണ് വലിയ വെല്ലുവിളി. മേൽപറഞ്ഞ വിഷയങ്ങളെ അഭിമുഖീകരിക്കാതെ ഒരു രാഷ്ട്രീയപാർട്ടിക്ക് കേവലം ആദർശപ്രസംഗം കൊണ്ട് നിലനിൽക്കാൻ കഴിയുകയുമില്ല. മുമ്പ് മണ്ഡൽ റിപ്പോർട്ട് അംഗീകരിച്ചപ്പോൾ തെരുവിലിറങ്ങിയ ഒട്ടേറെ പേർ ഇന്ന് ആം ആദ്മിയിലുണ്ട്. അവരെ രാഷ്ട്രീയവൽക്കരിക്കുകയെന്നത് അത്ര എളുപ്പമല്ല.

ഒരു ഫാൻസ് അസോസിയേഷനിൽ അംഗമാകുന്ന ലാഘവത്തോടെ ആം ആദ്മിയിലേക്ക് ആളുകൾ ഓടിക്കൂടുമോ? എഴുത്തുകാർ മുതൽ ടെക്നോക്രാറ്റ്സ് വരെ. ഈയൊരു ഒഴുക്ക് രാഷ്ട്രീയമായ നിലപാടുകൾ എടുക്കാൻ തുടങ്ങുമ്പോൾ നിലയ്ക്കാനാണ് സാധ്യത. ഇത്തരം ആളുകൾ ആപ്പിന് തന്നെ 'ആപ്പ്' ആകാനും സാധ്യതയുണ്ട്. ആധുനിക നാഗരികതയുടെ മോഹവലയങ്ങളിൽ മയങ്ങുകയും എന്നാൽ സഹജീവികളുടെ ദുരിതങ്ങളിൽ ആകുലപ്പെടുകയും ചെയ്യുന്ന ദ്വിത്വമനസ്സുള്ള മധുവർഗ്ഗത്തെ രാഷ്ട്രീയവൽക്കരിക്കാനുള്ള ശേഷി ഇതുവരെ മറ്റ് രാഷ്ട്രീയ പ്രസ്ഥാനങ്ങളൊന്നും കൈവെച്ചിട്ടില്ല. അതിനു ആപ്പിന് അതുസാധിച്ചാൽ രാജ്യത്തിനു തന്നെ വലിയ മുതൽക്കൂട്ടാകും. ഇന്ത്യയുടെ രാഷ്ട്രീയ യാഥാർത്ഥ്യങ്ങളിലേക്ക് മധ്യവർഗ്ഗത്തിന്റെ ശ്രദ്ധയെ കൊണ്ടുവരിക എന്ന ദൗത്യമായിരിക്കും ആപ്പിന്റെ മുമ്പിലുള്ള ഏറ്റവും വലിയ വെല്ലുവിളി എന്നു ഞാൻ കരുതുന്നു. ■

# ഇടതുപക്ഷം ചിലത് ചിന്തിക്കേണ്ടതുണ്ട്

**പ്രവീൺ**

(ആൾ ഇന്ത്യ സ്റ്റുഡന്റ്സ് അസോസിയേഷൻ – ഐസ, ജെ.എൻ.യു, ഡൽഹി)

**ഡൽഹി** തെരഞ്ഞെടുപ്പ് ഫലം കാണിക്കുന്നത് ഫലത്തിൽ മൂന്ന് കാര്യങ്ങളാണ്. ഒന്ന്, ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം എന്നെന്നേക്കുമായി മാറ്റിവരക്കാൻ ആം ആദ്മിപാർട്ടി (ആപ്പ്)ക്ക് കഴിഞ്ഞു. രണ്ട്, മതം, ജാതി, വംശീയത തുടങ്ങിയ വികാരങ്ങളൊന്നുമില്ലാതെ തന്നെ ഒരു രാഷ്ട്രീയ പാർട്ടിക്ക് ഇന്ത്യൻ യാഥാർഥ്യങ്ങളിൽ തെരഞ്ഞെടുപ്പ് ജയിക്കാൻ കഴിഞ്ഞു. മൂന്ന്, പ്രസക്തി നഷ്ടപ്പെട്ട രാഷ്ട്രീയ പാർട്ടികൾക്ക് ബദലായി വരുന്ന പുതിയ രാഷ്ട്രീയ പരീക്ഷണങ്ങളെ ജനം സഹർഷം സ്വീകരിച്ചു. അതായത് ജനങ്ങളുടെ അവിശ്വാസം നേടുന്ന പാർട്ടികളെ, അവ പഴയതായാലും പുതിയതായാലും, തള്ളി പറയാൻ സാഹചര്യം അനുകൂലമാണെങ്കിൽ അവർ തള്ളിപ്പറഞ്ഞിരിക്കും എന്ന സ്ഥിതി സംജാതമായിരിക്കുന്നു. ഇടതുപക്ഷത്തിന്റെ പ്രസക്തിയും ഈ പശ്ചാത്തലത്തിൽ വിലയിരുത്തപ്പെടേണ്ടതുണ്ട്. ഇടതുപക്ഷത്തിന്റെ രാഷ്ട്രീയ പരാജയമായിട്ടല്ല; തെരഞ്ഞെടുപ്പ് പരാജയം മാത്രമായിട്ടാണ് ഡൽഹിയിലെ ഫലത്തെ കാണേണ്ടത്. തെരഞ്ഞെടുപ്പുകളിൽ പരാജയപ്പെടുന്നതിന് അനേകം കാരണങ്ങളുണ്ടാവും. അതിന്റെ അടിസ്ഥാനത്തിലല്ല ഒരു രാഷ്ട്രീയപാർട്ടിയുടെ പ്രസക്തി അന്വേഷിക്കേണ്ടത്. ശക്തമായ ഇടതുപക്ഷത്തിന്റെ അഭാവത്തിൽ ആപ്പ് തരംഗം ഉണ്ടാകുമായിരുന്നില്ല എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ജനാധിപത്യ സംവിധാനങ്ങളെ സ്വാർത്ഥതാത്പര്യങ്ങൾക്കായി ദുരുപയോഗം ചെയ്യുന്ന വലതുപക്ഷ പ്രവണതകളെ ദീർഘകാലമായി ചോദ്യം ചെയ്യുന്ന ഒരു ഇടതുപക്ഷധാര ഇവിടെയുണ്ടായിരുന്നു. ഈയൊരു തിരുത്തൽ ഘടകത്തിന് അസാമാന്യമായ കരുത്ത് പകരാൻ കഴിഞ്ഞു എന്നതാണ് ആപ്പിന് സഹായകമായത്.

ആൾക്കൂട്ടങ്ങളെ ആകർഷിക്കലും തെരഞ്ഞെടുപ്പുകളിലെ അപ്രതീക്ഷിത വിജയങ്ങളും ചിലപ്പോൾ കേവലം താൽക്കാലികമായ പ്രതിഭാസങ്ങൾ മാത്രമായിത്തീരാം. ഒരു രാഷ്ട്രീയ പ്രസ്ഥാനം കാലാതീതമായി പ്രസ

*⇨ തെരഞ്ഞെടുപ്പിലെ വൻവിജയങ്ങൾ ആത്യന്തികമായ രാഷ്ട്രീയപ്രസക്തിയുടെ മാനദണ്ഡങ്ങളാവുന്നില്ല ⇨*




ക്തമാവുന്നത് സമൂഹം നേരിടുന്ന പ്രശ്നങ്ങളെ, അതിന്റെ ആഴത്തിലുള്ള കാരണങ്ങൾ കണ്ടെത്തി ചികിത്സിക്കുമ്പോഴാണ്. സമൂഹത്തിൽ നിലനിൽക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും സമൂഹഘടനയുമായി വളരെ നീണ്ടകാലത്തെ ദൃഢമായ ബന്ധമുണ്ട്. അതുകൊണ്ട് തന്നെ സമൂഹത്തിന്റെ അടിസ്ഥാനഘടനയെ, അതിന്റെ കീഴ്വഴക്കങ്ങളെ നിലനിൽക്കുന്ന സാമൂഹിക രാഷ്ട്രീയ സാമ്പത്തിക സാംസ്കാരിക ബന്ധങ്ങളെ, വിശ്വാസ പ്രമാണങ്ങളെ അഭിസംബോധന ചെയ്യാൻ കഴിയാത്ത എല്ലാ രാഷ്ട്രീയ പരിഹാരങ്ങളും ഉപരിപ്ലവമായിരിക്കും. അതിനർത്ഥം അവയ്ക്കു മാറ്റങ്ങൾ കൊണ്ടുവരാൻ ആവില്ലെന്നല്ല; നിലവിലുള്ള രാഷ്ട്രീയ പരിതഃസ്ഥിതിയെ എന്നന്നേക്കുമായി മാറ്റി മറിക്കുന്ന രീതിയിലുള്ള മാറ്റങ്ങൾക്ക് ആ പരീക്ഷണങ്ങൾ കാരണമാവാം. പക്ഷെ പ്രശ്നങ്ങൽ സമ്പൂർണ്ണമായി പരിഹരിക്കുന്നതിൽ അവർ പരാജയപ്പെടും. ഉദാഹരണമായി, കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്ന സ്വാതന്ത്ര്യ സമരം ആത്യന്തികമായി ആരുടെ സ്വാതന്ത്ര്യമാണ് ഉറപ്പുവരുത്തിയത്? കേരളത്തിലെ ഭൂപരിഷ്കരണം ആരുടെ അവകാശങ്ങളാണ് പ്രതിഫലിപ്പിച്ചത്? അങ്ങനെ നോക്കുകയാണെങ്കിൽ ജനകീയ മുന്നേറ്റങ്ങൾ ഉറപ്പുവരുത്തിയ ജെ.പി വിപ്ലവവും മണ്ഡൽ തരംഗവുമെല്ലാം അവസാനം എന്തു പ്രശ്നപരിഹാരങ്ങളാണ് ഉറപ്പുവരുത്തിയത്? ജനക്കൂട്ടങ്ങൾ വൻഭൂരിപക്ഷത്തിൽ വിജയിപ്പിച്ച, പക്ഷെ നിരാശപ്പെടുത്തിയ രാജീവ് ഗാന്ധി, നരേന്ദ്രമോഡി, മായാവതി അങ്ങനെ എത്രയെത്ര സർക്കാറുകളുടെ ഉദാഹരണങ്ങളാണ് നമുക്കു ചുറ്റുമുള്ളത്. തെരഞ്ഞെടുപ്പിലെ വൻവിജയങ്ങൾ ആത്യന്തികമായ രാഷ്ട്രീയപ്രസക്തിയുടെ മാനദണ്ഡങ്ങളാവുന്നില്ല എന്നാണ് ഇതെല്ലാം വ്യക്തമാക്കുന്നത്.

ഈ പശ്ചാത്തലത്തിലാണ് ആപ്പിന്റെ വിജയത്തെ ഇവിടെ സമീപിക്കുന്നത്. അഴിമതിക്കെതിരായ അണ്ണാ ഹസാരെ സമരത്തിന്റെ തുടർച്ചയായാണ് ആപ്പ് രൂപീകരിക്കപ്പെടുന്നത്. ആ സമരത്തിന്റെ ഏറ്റവും വലിയ വൈരുദ്ധ്യം അത് ലോക്പാൽ ബില്ലിന് വേണ്ടി മാത്രമായിരുന്നു എന്നതാണ്. ഭരണതലത്തിലുള്ള അഴിമതിക്കെതിരായ സമരത്തിൽ സാധാരണക്കാർ മാത്രമല്ല, പ്രകൃതി വിഭവങ്ങൾ വൻതോതിൽ ചൂഷണം ചെയ്യുന്ന ബഹുരാഷ്ട്ര കമ്പനികളുടെ ഉടമകളും തൊഴിലാൾക്ക് ഏറ്റവും കുറഞ്ഞ വേതനം പോലും നൽകാൻ വിസമ്മതിക്കുന്ന എക്സിക്യൂട്ടീവ് ശിങ്കിടിമാരും, സ്വകാര്യവൽക്കരണത്തിന് ഒത്താശ ചെയ്യുന്ന എൻ.ജി.ഒകളും, പിന്നെ ഇവരുടെയെല്ലാം മേൽനോട്ടത്തിലും നിയന്ത്രണത്തിലുള്ള യഥാർത്ഥ വാർത്തകൾ തമസ്കരിക്കുന്ന മാദ്ധ്യമങ്ങളും അനസ്യൂതമായ പിന്തുണയാണ് നൽകിയത്. പെട്ടെന്നെങ്ങനെയാണ് ഇവരെല്ലാം അഴിമതിവിരുദ്ധ പോരാട്ടക്കാരായി മാറിയത്? അഴിമതി കുംഭകോണങ്ങളിൽ ഇവരുടെയെല്ലാം പ്രതീകങ്ങളും പ്രതിനിധികളും ഉണ്ടായിരുന്നല്ലോ? (ഇവരിൽ പലരും ഇപ്പോൾ ആപിലുമുണ്ട്) ഇതിനർത്ഥം മറ്റ് അഴിമതി വിരുദ്ധ സമരങ്ങൾ ഉണ്ടായിരുന്നില്ല എന്നുള്ളതല്ല; അവയൊന്നും മാദ്ധ്യമങ്ങളിൽ വന്നില്ല. അണ്ണാ ഹസാരെയുടെ ആദ്യ സമരത്തിനും വളരെ മുമ്പുതന്നെ ഇടതുപക്ഷ ഏകോപന സമിതിയുടെയും ഐസയുടെയും എം.എല്ലിന്റെയും നേതൃത്വത്തിൽ നിരവധി സമരങ്ങൾ അഴിമതിക്കെതിരെ നടക്കുകയുണ്ടായി. ഒരു പത്രത്തിലും ഒരു കോളം വാർത്ത പോലും വരേണ്ടെന്ന് നിശ്ചയിച്ചത് ആരാണ്? അതേ മാദ്ധ്യമങ്ങൾ തന്നെ നിരന്തരം അണ്ണാ ഹസാരെ സമരത്തെ പൊലിപ്പിച്ചത് എന്തുകൊണ്ടായിരിക്കാം? ഭരണതലത്തിലുള്ള അഴിമതി ഉൾപ്പെടുന്ന ചൂഷണത്തിലധിഷ്ഠിതമായ മുതലാളിത്ത വ്യ

വസ്ഥിതിയുടെ ഇന്ത്യൻ പതിപ്പിന് ഒരുപിടിവള്ളിയായി മാറുകയായിരുന്നു ഹസാരെ സമരം. കേട്ടുകേൾവിയില്ലാത്ത അഴിമതി കഥകൾ പുറത്തു വന്നപ്പോൾ സാധ്യമായിരുന്ന ഒരു ജനകീയ വിപ്ലവത്തെ വഴിതിരിച്ചുവിടാൻ ഹസാരെ സമരം ഉപകരിക്കുകയായിരുന്നു. ഈയൊരു സമരം ജനപക്ഷത്തുനിൽക്കുന്ന ഇടതുപക്ഷ കക്ഷികൾ നയിച്ചാൽ ഉണ്ടാകാവുന്ന ഭവിഷത്തുകളെ പറ്റി മുതലാളിമാർക്ക് നല്ല ബോധ്യമുണ്ട്. നിരവധി സാമൂഹിക രാഷ്ട്രീയ ചിന്തകൻമാർ മാതൃകയായി വിശേഷിപ്പിച്ച ഐസയുടെ നേതൃത്വത്തിൽ നടന്ന 'വിദ്യാർഥികൾ അഴിമതിക്കെതിരെ' എന്ന മുന്നേറ്റവും പൂർണ്ണമായി ഇതേ മാദ്ധ്യമങ്ങൾ തമസ്കരിച്ചു. ഫലത്തിൽ അഴിമതി വിരുദ്ധതയുടെ പ്രതീകമായി അണ്ണാ ഹസാരെ പ്രസ്ഥാനം മാറി. പ്രത്യക്ഷത്തിൽ അതിന്റെ എല്ലാ അനുഗ്രഹവുമായി രൂപീകരിക്കപ്പെട്ട ആപ്പിനും അതിന്റെ നായകൻ കെജ്രിവാളിനും മറ്റൊരു വിഷയവും തൊടാതെ തന്നെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ മുഴുകാൻ കഴിഞ്ഞു. അഴിമതിയെ അതിന്റെ കാരണങ്ങളിൽ ചോദ്യം ചെയ്യാൻ തുടർന്ന് ആപ്പും തുനിഞ്ഞില്ല.

> കേട്ടുകേൾവിയില്ലാത്ത അഴിമതി കഥകൾ പുറത്തു വന്നപ്പോൾ സാധ്യമായിരുന്ന ഒരു ജനകീയ വിപ്ലവത്തെ വഴിതിരിച്ചുവിടാൻ ഹസാരെ സമരം ഉപകരിക്കുകയായിരുന്നു. ഈയൊരു സമരം ജനപക്ഷത്തുനിൽക്കുന്ന ഇടതുപക്ഷ കക്ഷികൾ നയിച്ചാൽ ഉണ്ടാകാവുന്ന ഭവിഷത്തുകളെ പറ്റി മുതലാളിമാർക്ക് നല്ല ബോധ്യമുണ്ട്.

വൈദ്യുതിയുടെ താരിഫ് കുറക്കുക തന്നെ വേണം; പക്ഷെ ഇത് വിലയുടെ മാത്രം പ്രശ്നമല്ല. വൈദ്യുതി മേഖലയെ സ്വകാര്യവൽക്കരിക്കുന്നതിന്റെ അനിവാര്യമായ ദുരന്തമാണിത്. ആപ്പിനെ അനുകരിച്ച് മറ്റു സർക്കാറുകളും വില കുറച്ചേക്കാം. പകരം സ്വകാര്യ കമ്പനികളുടെ വരുമാനത്തിലുണ്ടാകുന്ന കുറവ് സർക്കാർ നികത്തും. മറ്റൊരു സർക്കാറിന് പിന്നീടൊരിക്കൽ വില കൂട്ടുകയും ചെയ്യാം. ഡൽഹിയിലെ പകുതിയോളം വരുന്ന വീടുകൾക്ക് മീറ്ററുള്ള വൈദ്യുതിയോ വെള്ളമോ ലഭിക്കുന്നില്ല. അപ്പോൾ താരിഫിൽ വരുന്ന കുറവ് സാധാരണക്കാരെ എങ്ങനെ സഹായിക്കാനാണ്? അങ്ങനെയെങ്കിൽ താരിഫ് കുറക്കുന്നതും മറ്റും അഴിമതിക്ക് പരിഹാരമാവുന്നത് എങ്ങനെയാണ്?

കഴിഞ്ഞ ഡിസംബർ 16ലെ ഡൽഹി കൂട്ടബലാൽസംഗത്തിന്റെ തുടർച്ചയായുണ്ടായ ജനകീയ മുന്നേറ്റത്തിൽ കെജ്രിവാളിന് സുപ്രധാനമായ സ്ഥാനമുണ്ടായിരുന്നു. പക്ഷെ കേവലമായ ഒരു പ്രതിഷേധ സമരത്തിൽ നിന്ന് സമൂഹത്തിൽ നിലനിൽക്കുന്ന പിതൃദായ ബന്ധങ്ങളെയും (patriarchal relations) ലിംഗ വിവേചനങ്ങളെയും ചോദ്യം ചെയ്യുന്ന ഒരു മുന്നേറ്റമാക്കി അതിനെ മാറ്റാൻ കഴിഞ്ഞത് ഐസയുടെ നേതൃത്വത്തിനാണ്. എന്നാൽ ആ മുന്നേറ്റത്തിന്റെ പ്രയോജനം ലഭിച്ചത് ആപ്പിനായിരുന്നു. സാമൂഹികബന്ധങ്ങളെ വിപ്ലവകരമായി പരിഷ്കരിക്കുന്നതിന് പകരം നിലനിൽക്കുന്ന പൊതുവിശ്വാസങ്ങളെ അംഗീകരിക്കുന്ന പുരോഗമന വിരുദ്ധമായ ഒരു വ്യവസ്ഥയാണ് ആപ്പിനുള്ളത് എന്ന് ആഫ്രിക്കൻ വംശജർക്കെതിരായ വംശീയ നിലപാടുകളിൽ വ്യക്തമാണ്. പൊതുജനാവശ്യം എന്ന പേരിൽ തങ്ങളുടെ നിലപാടുകളെ വീണ്ടും വീണ്ടും ന്യായീകരിക്കുന്ന ആപ്പ് നേതൃത്വവും അംഗങ്ങളും ജനാധിപത്യത്തെ വെറും ആൾക്കൂട്ട വ്യവസ്ഥിതി (മോബോക്രസി)യായി മാറ്റുകയാണ്. ഇവിടെ തീരുമാനമെടുക്കുന്നത് മെഹല്ലാ സഭകളാണെങ്കിൽ കിഡ്കി ഗ്രാമത്തിൽ നിന്ന് ആഫ്രിക്കക്കാർക്കും മുനീർക്കയിൽ നിന്ന് വടക്ക് കിഴക്കൻ വംശജർക്കും പല കോണുകളിൽ നിന്ന് മലയാളി നഴ്സുമാർക്കും താമസം മാറ്റേണ്ടി വരും. ഇതേ മെഹല്ല സഭകൾ കാശ്മീരിലാണെങ്കിൽ സ്വയം നിർണ്ണയാവകാശത്തെക്കുറിച്ച് തീരുമാനമെടുക്കാനാവില്ല എന്ന് ആപ്പ് മേധാവി പറയുന്നത് ഇരട്ടത്താപ്പാണ്.

ഡൽഹി സർവ്വകലാശാലയിലെ 90% സീറ്റും ഡൽഹി നിവാസികൾക്കായി മാറ്റിവെക്കുന്ന ആപ്പ് സർക്കാർ വളരെ ആപൽക്കരമായ സൂചനകളാണ് നൽകുന്നത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വരുമാനം കൂടുതലുള്ള ഡൽഹി ഖജനാവിൽ നിന്ന് വിദ്യാഭ്യാസത്തിന് വളരെ കുറഞ്ഞ സംഖ്യ മാത്രമേ ചെലവഴിക്കുന്നുള്ളൂ. കൂടുതൽ കോളേജുകൾ ആരംഭിച്ച് ഉന്നത വിദ്യാഭ്യാസരംഗത്തെ അപാകതകൾ പരിഹരിക്കുന്നതിന് പകരം, ഉള്ള അവസരങ്ങൾ പ്രദേശികതയുടെ പേരിൽ നിഷേധിക്കുന്ന ഈ രീതി മറ്റ് സർക്കാറുകളും മാതൃകയാക്കിയാലുണ്ടാകുന്ന ഭവിഷ്യത്ത് വളരെ ഗുരുതരമാണ്.

എന്നാൽ ഇടതുപക്ഷം സ്വയം വിലയിരുത്തലിന് തയ്യാറാകേണ്ട സമയമാണിത്. പ്രചരണ തന്ത്രങ്ങളിലും പ്രവർത്തനരീതികളിലും കാര്യമായ പൊളിച്ചെഴുത്ത് ആവശ്യമുണ്ട്. മുഖ്യധാരാ മാദ്ധ്യമങ്ങളുടെ പ്രതിലോമ സമീപനങ്ങളെ ചോദ്യം ചെയ്ത്, സമാന്തര-ജനകീയ മാദ്ധ്യമ സംസ്ക്കാരം വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യം ഇന്നുണ്ട്. സോഷ്യൽനെറ്റ്‌വർക്കുകളുടെയും മറ്റ് ആശയവിനിമയ സങ്കേതങ്ങളുടെയും സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടത് അനിവാര്യമായിരിക്കുന്നു. ഇടതുപക്ഷ മുഖംമൂടി അണിഞ്ഞിരിക്കുന്ന വലതുപക്ഷ കക്ഷികളെ അപ്രസക്തമാക്കുന്നതും വളരെ പ്രധാനമാണ്. ആപ്പിന്റെ ആഗമനം ഇടതുപക്ഷത്തെ തളർത്തുകയല്ല പ്രചോദിപ്പിക്കുകയാണ് വേണ്ടത്. അധികാരത്തിലാരെത്തണമെന്ന് ജനങ്ങൾ തീരുമാനിക്കട്ടെ. പ്രത്യയശാസ്ത്രത്തെ അന്ധമായി പിന്തുടർന്നുകൊണ്ടോ പൂർണ്ണമായി കൈയൊഴിഞ്ഞുകൊണ്ടോ അല്ല; അതിനെ അവസരോചിതമായി ഉപയോഗപ്പെടുത്തിയും സാധാരണക്കാരന് മനസ്സിലാകത്തക്ക രീതിയിൽ വിശദീകരിച്ചും പ്രയോഗത്തിൽ വരുത്തിയും ജനങ്ങളുടെ തീരുമാനത്തെ സ്വാധീനിക്കാൻ കഴിയണം. പരസ്പരപൂരകമായി പ്രവർത്തിക്കുന്ന, പരസ്പരം വിലയിരുത്തുകയും വിമർശിക്കുകയും ചെയ്യുന്ന, ജാഗ്രത്തായ ഇടതുപക്ഷ ഇടമാണ് സാധ്യമാകേണ്ടത്.■

# ഭരണവും സമരവും ഒരുപോലെ സാധ്യമാകണം

**അപ്പുക്കുട്ടൻ വള്ളിക്കുന്ന്**

(ഇടതുചിന്തകൻ, മാധ്യമപ്രവർത്തകൻ)

**ഇന്ത്യൻ** രാഷ്ട്രീയത്തിലെ നിർണ്ണായകമായ ഒരു ഘട്ടമാണ് ആം ആദ്മി പാർട്ടിയുടെ രംഗപ്രവേശം. ഇതിനെ ഒരു പ്രതിഭാസമെന്ന് ചിലർ വിളിക്കുന്നു. ആം ആദ്മി പാർട്ടിയുടെ നേതാക്കൾതന്നെ, ഭരണാധികാരികൾ ജനങ്ങളാണെും അവരുടെ കൈകളിലേക്ക് അധികാരമെത്തിക്കുകയാണ് ലക്ഷ്യമെന്നും പറയുന്നു. അവസാനം ജനങ്ങൾ ഗതികെട്ട് ജനാധിപത്യത്തിൽ ഇടപെടുകയും തങ്ങൾക്കാണ് അധികാരമെന്ന് മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളെ ബോധ്യപ്പെടുത്തുകയും ചെയ്തു. ജനാധിപത്യത്തിന്റെ ലക്ഷ്യത്തിനും സുതാര്യതയ്ക്കും വേണ്ടി, ജനങ്ങളിൽ നിന്ന് ഭരണകൂടത്തെ വഴിതെറ്റിച്ചു കൊണ്ടുപോകുന്നതിനെതിരെ ജനങ്ങൾ രാസത്വരകമായി പ്രവർത്തിച്ചു. ജനാധിപത്യത്തിന്റെ ശക്തി ജനങ്ങൾ തന്നെയാണെന്ന് എല്ലാവരും തിരിച്ചറിഞ്ഞുതുടങ്ങി.

അഴിമതി വിരുദ്ധ, സംശുദ്ധഭരണം എന്നു പറഞ്ഞ് ആം ആദ്മി പാർട്ടിക്ക് എത്രകണ്ടു പിടിച്ചുനിൽക്കാനാവുമെന്ന് ചോദ്യം ഉയരുന്നുണ്ട്. വാഹനങ്ങളിലെ ചുവന്ന വിളക്കുകൾ ഒഴിവാക്കുക, ബംഗ്ലാവിൽ താമസിക്കില്ലെന്നു പറയുക തുടങ്ങിയ തൊലിപ്പുറ നടപടികൾകൊണ്ട് എന്തുകാര്യം എന്നും ചോദ്യമുണ്ട്. രാജ്യതലസ്ഥാനത്ത് ജനങ്ങൾക്ക് ദാഹജലം ഉറപ്പാക്കിയതും, കുത്തനെ കൂടുന്ന വൈദ്യുതിചാർജ്ജ് പാതിയാക്കി കുറച്ചതും, ചേരിനിവാസികൾക്കും പാവപ്പെട്ടവർക്കും സർക്കാർ സ്ക്കൂളുകൾ ലഭ്യമാക്കിയതും മാത്രമല്ല ഇരുപതു ദിവസം കൊണ്ട് തന്റെ ഗവണ്മെന്റ് നടപ്പാക്കിയ നീണ്ട പട്ടിക സി.എൻ.എൻ-ഐ.ബി.എൻ അഭിമുഖത്തിൽ മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ നിരത്തുകയുണ്ടായി. അത് വിശദമായി വായിച്ചാൽ ഈ ചോദ്യത്തിന്റെ ഉത്തരം കൃത്യമായി മനസ്സിലാകും.

കേരളത്തിലെ കമ്മ്യൂണിസ്റ്റു സർക്കാർ 57ൽ ചെയ്തതുപോലുള്ള അടിസ്ഥാനപരമായ നടപടികളിലേക്കുതന്നെയാണ് ആം ആദ്മി പാർട്ടി പോകുന്നതെന്ന് കെജ്‌രിവാളിന്റെ വിശദീകരണത്തിൽ നിന്നു വ്യക്തമാണ്. എ.എ.പിയുടെ സാമ്പത്തികനയങ്ങളും പരിപാടികളും വൈകാതെ ആവിഷ്ക്കരിച്ച് ജനങ്ങൾക്കുമുമ്പിൽ സമർപ്പിക്കുമെന്ന് അവർ പ്രഖ്യാപിച്ചിട്ടുണ്ട്. അതുവരെ കാത്തിരുന്നു വിലയിരുത്തുന്നതാവും ശരി. ഇപ്പോൾതന്നെ ഡൽഹിയിലെ കാഴ്ച അസാധാരണമാണ്. ഡൽഹിയും സംസ്ഥാനമാണെങ്കിലും ഇതരസംസ്ഥാനങ്ങൾക്കുള്ള പരമമായ അധികാരമായ ക്രമസമാധാന പാലനവും പൊലീസും അവർക്കില്ല. കേന്ദ്രം കയ്യടക്കിവെച്ചിരിക്കയാണ് ഇവ. ആം ആദ്മി പാർട്ടി വന്നപ്പോഴാണ് രാജ്യം തന്നെ അക്കാര്യം ശ്രദ്ധിക്കു